**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3145** **11-03-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; | (എ) | 1. പെരിങ്ങമ്മല -വിതുര (കൊപ്പം) റോഡ്<br><br>മലയോര ഹൈവേയിൽ ഉൾപ്പെടുന്ന പെരിങ്ങമ്മല - കൊപ്പം (വിതുര) റോഡിന്റെ നിർമ്മാണത്തിന് 21.06.2018- 45.25 കോടി രൂപക്ക് സാമ്പത്തികാനുമതി അനുവദിക്കുകയും 16.07.2020ൽ 47.98 കോടി രൂപക്ക് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ നൽകിയിട്ടുണ്ട്. ആകെ 9.45 കിലോമീറ്റർ ദൂരം റോഡ് വികസനമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ 76% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 31/03/2025 ന് മുന്നേ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2. വിതുര-ബോണക്കാട് റോഡ്<br><br>7 കിലോമീറ്റർ നവീകരിക്കുന്ന പ്രവൃത്തിയ്ക്ക് 29.64 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിയ്ക്കുകയും റിവൈവ് കൺസ്ട്രക്ഷൻ കമ്പനി 18/11/2019 ൽ കരാർ ഏറ്റെടുത്ത് പ്രവൃത്തി പുരോഗമിച്ചു വരികയുമാണ്. നിലവിൽ പ്രവൃത്തി 85% പൂർത്തീകരിച്ചിട്ടുണ്ട്. ബഹു.കോടതിയുടെ പരിഗണനയിലിരിക്കുന്ന പുറമ്പോക്ക് സംബന്ധിച്ച കേസുകൾ വരുന്ന 475 മീറ്റർ ഒഴികെയുള്ള ഭാഗത്ത് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>3. ചുണ്ടുപലക-നെയ്യാർഡാം റോഡ്<br><br>തിരുവനന്തപുരം - നെയ്യാർഡാം റോഡിന്റെ ചുണ്ടുപലക-നെയ്യാർഡാം റോഡ് 8.32 കി.മീ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 58.93 കോടി രൂപയുടെ സാമ്പത്തികാനുമതി ഉണ്ട്. ഭൂമി ഏറ്റെടുക്കലിന് 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അതിർത്തികല്ലുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചതിന്റെ ഡ്രോയിങ് റവന്യൂ അധികൃതർക്ക് സമർപ്പിച്ചിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br><u>4. അരുവിക്കര-വെള്ളനാട് റോഡ്-</u><br><br>FDR പ്രവൃത്തി പൂർത്തീകരിച്ചു. ബിസി ഓവർലേ ചെയ്യുവാനുണ്ട് |
| (ബി) | ഈ പ്രവൃത്തികളിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ബി) | <u>1. പെരിങ്ങമ്മല -വിതുര (കൊപ്പം) റോഡ്</u><br><br>മലയോര ഹൈവേയിൽ ഉൾപ്പെടുന്ന പെരിങ്ങമ്മല - കൊപ്പം (വിതുര) റോഡിന്റെ നിർമ്മാണത്തിന് 21.06.2018- 45.25 കോടി രൂപക്ക് സാമ്പത്തികാനുമതി അനുവദിക്കുകയും 16.07.2020ൽ 47.98 കോടി രൂപക്ക് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ നൽകിയിട്ടുണ്ട്. ആകെ 9.45 കിലോമീറ്റർ ദൂരം റോഡ് വികസനമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ 76% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 31/03/2025 ന് മുന്നേ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br><u>2. വിതുര-ബോണക്കാട് റോഡ്</u><br><br>7 കിലോമീറ്റർ നവീകരിക്കുന്ന പ്രവൃത്തിയ്ക്ക് 29.64 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിയ്ക്കുകയും റിവൈവ് കൺസ്ട്രക്ഷൻ കമ്പനി 18/11/2019 ൽ കരാർ ഏറ്റെടുത്ത് പ്രവൃത്തി പുരോഗമിച്ചു വരികയുമാണ്. നിലവിൽ പ്രവൃത്തി 85% പൂർത്തീകരിച്ചിട്ടുണ്ട്. ബഹു.കോടതിയുടെ പരിഗണനയിലിരിക്കുന്ന പുറമ്പോക്ക് സംബന്ധിച്ച കേസുകൾ വരുന്ന 475 മീറ്റർ ഒഴികെയുള്ള ഭാഗത്ത് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br><u>3. ചൂണ്ടുപലക-നെയ്യാർഡാം റോഡ്</u><br><br>തിരുവനന്തപുരം - നെയ്യാർഡാം റോഡിന്റെ ചൂണ്ടുപലക-നെയ്യാർഡാം റോഡ് 8.32 കി.മീ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 58.93 കോടി രൂപയുടെ സാമ്പത്തികാനുമതി ഉണ്ട്. ഭൂമി ഏറ്റെടുക്കലിന് 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അതിർത്തികല്ലുകൾ സ്ഥാപിച്ചതിന്റെ ഡ്രോയിങ് റവന്യൂ അധികൃതർക്ക് സമർപ്പിച്ചിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | <u>4. അരുവിക്കര-വെള്ളനാട് റോഡ്-</u><br><br>FDR പ്രവൃത്തി പൂർത്തീകരിച്ചു. ബിസി ഓവർലേ ചെയ്യുവാനുണ്ട് |

സെക്ഷൻ ഓഫീസർ